**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1984** **03-03-2025 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്ന കാര്യത്തിൽ വലിയ കാലതാമസം ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് സമയബന്ധിതമായി പി.എസ്.സി നിയമനശിപാർശ നൽകി വരുന്നു. |
| (ബി) | ജില്ലാ പി.എസ്.സി. ഓഫീസുകളിൽ അപ്രൂവൽ ആകുന്ന അഡ്വൈസ് മെമ്മോകൾ റീജിയണൽ പി.എസ്.സി. ഓഫീസുകളിൽ നിന്നുള്ള ഇൻസ്പെക്ഷന് ശേഷം മാത്രമേ ഉദ്യോഗാർഥികൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും അയക്കുവാൻ പാടുള്ളൂ എന്ന നിബന്ധന കാരണം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് വലിയ കാലതാമസം നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജില്ലാ ഓഫീസുകളിൽ അംഗീകാരം ലഭിക്കുന്ന റൊട്ടേഷനുകളിൽ, ബന്ധപ്പെട്ട മേഖലാ ഓഫീസിലെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയ ശേഷം മാത്രമാണ് അഡ്വൈസ് അയക്കുന്നത്. റൊട്ടേഷനുകളിൽ കടന്നു കൂടാൻ സാധ്യതയുള്ള പിഴവുകൾ ഒഴിവാക്കാൻ വേണ്ടിയാണ് പരിശോധന നടത്തുന്നത്. |
| (സി) | ഇത്തരത്തിൽ കാലതാമസം വരുത്തുന്ന ഈ നടപടിക്രമം ഒഴിവാക്കാമോ; അല്ലെങ്കിൽ കാലതാമസം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; | (സി) | ജില്ലാ ഓഫീസുകളിൽ അംഗീകരിക്കുന്ന റൊട്ടേഷൻ അന്നേ ദിവസം തന്നെ പരിശോധനക്കായി മേഖലാ ഓഫീസിലേക്ക്/ ആസ്ഥാന ഓഫീസിലേക്ക് ഓൺലൈൻ ആയി അയച്ചുകൊടുത്ത് പരിശോധന പൂർത്തിയാക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ആയതിനാൽ അനാവശ്യ കാലതാമസം ഉണ്ടാകുന്നില്ല. ഓഫീസ് സന്ദർശിച്ചിട്ടുള്ള പരിശോധനയും ഓൺലൈൻ പരിശോധനയും സമാന്തരമായി നടന്നുവരുന്നു. ചട്ടപ്രകാരം പരിശോധന ഒഴിവാക്കുവാൻ കഴിയില്ല . |
| (ഡി) | റീജിയണൽ പി.എസ്.സി. ഓഫീസുകളിൽ നിന്നും ജില്ലാ പി.എസ്.സി. ഓഫീസുകളിൽ ആഴ്ചയിൽ ഒരിക്കൽ ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ; അതിനുള്ള സാധ്യതകൾ വിശദീകരിക്കാമോ; | (ഡി) | അഡ്വൈസ് റിലീസ് ചെയ്യുന്ന നടപടി ക്രമം വേഗത്തിലാക്കാൻ റീജിയണൽ ഓഫീസുകളിലെ ഇൻസ്പെക്ഷൻ വിഭാഗം, നേരിട്ടും ഓൺലൈൻ വഴിയും ഇൻസ്പെക്ഷൻ നടത്തുന്നുണ്ട് . |

| | | | |
|---|---|---|---|
| (ഇ) | ഒഴിവുകൾ പി.എസ്.സി. ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തിട്ടും അഡ്വൈസ് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നത് മറ്റൊരു തരത്തിലുള്ള നിയമന നിരോധനം ആണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | അഡ്വൈസ് ചെയ്യുന്നതിലുള്ള പിഴവുകൾ ഒഴിവാക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനും ചട്ടപ്രകാരമുള്ള നടപടികളാണ് ഇക്കാര്യത്തിൽ തുടർന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ